# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2308    08.05.2017 -ൽ മറുപടിക്ക്**

**ദേശീയപാത 66 ന്റെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ദേശീയപാത 66 -ന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടക്കുന്നുണ്ടോ;<br>(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്; | (എ) & (ബി) ദേശീയപാത 66 നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ചെയ്തു വരുന്നത്. ദേശീയപാത 66 ന്റെ വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 70% ത്തോളം സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മറ്റു ജില്ലകളിലും സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി അലൈൻമെന്റ് അംഗീകരിക്കുന്ന നടപടികളും എൻ.എച്ച്.ആക്ട് 1956 പ്രകാരമുള്ള 3 (എ) വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികളും എൻ.എച്ച്.എ.ഐ എടുത്തു വരുന്നു. |
| (സി) ദേശീയപാത വികസനത്തിന് നിലവിൽ കേന്ദ്രഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (സി) തലപ്പാടി മുതൽ കേരള – തമിഴ്നാട് അതിർത്തിയായ കാരോട് വരെ ദേശീയപാതയുടെ വികസനത്തിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. കൂടാതെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന ദേശീയപാതകളുടെ വികസനത്തിനായി 675 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) ദേശീയപാത 66, ടാർ ചെയ്യുന്ന പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയും;<br>(ഇ) ഈ സർക്കാരിന്റെ കാലത്ത് ദേശീയപാത 66 വീതികൂട്ടി നാല് വരി ആക്കുന്ന പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) & (ഇ) ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.02.2017 ൽ കൂടിയ യോഗത്തിൽ എൻ.എച്ച് 66 ന്റെ വികസന പ്രവൃത്തികൾ ഈ വർഷം തന്നെ ആരംഭിക്കാമെന്ന് എൻ.എച്ച്.എ.ഐ യുടെ പ്രതിനിധികൾ ഉറപ്പു നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പരമാവധി വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. |

S. Bindu

**സെക്ഷൻ ഓഫീസർ**